## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5742** **08-07-2024 - ൽ മറുപടിയ്ക്ക്**

## മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്യുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിൽ വരുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരളത്തിനകത്ത് നിന്നും എം.ബി.ബി.എസ് ബിരുദം പൂർത്തിയാക്കിയ ഡോക്ടർമാരുടെ സ്ഥിര രജിസ്ട്രേഷനായി മെഡിക്കൽ കൗൺസിലിൽ ലഭിക്കുന്ന അപേക്ഷകളിൽ അപാകതകൾ ഇല്ലാത്തവയ്ക്ക് സമയ ബന്ധിതമായി രജിസ്ട്രേഷൻ നൽകിവരുന്നു. കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എം.ബി.ബി.എസ് ബിരുദം നേടി NOC - യുമായി വരുന്ന ഡോക്ടർമാരുടെ സ്ഥിര രജിസ്ട്രേഷൻ അപേക്ഷകളിൽ അപാകതകൾ ഇല്ലാത്തവയ്ക്ക് സൂക്ഷ്മ പരിശോധനയ്ക്കും, മറ്റ് കൗൺസിലുകളിൽ നിന്നും NOC കളുടെ ആധികാരികതാ റിപ്പോർട്ട് ലഭിച്ചതിനുശേഷവും, സമയ-ബന്ധിതമായി എം.ബി.ബി.എസ് സ്ഥിരരജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകിവരുന്നു. അപാകതകൾ ഉള്ള അപേക്ഷകളെ സംബന്ധിച്ച് അപാകത എന്താണെന്ന് അപേക്ഷകരെ അറിയിക്കുകയും അപാകത പരിഹരിച്ച് വരുന്ന മുറയ്ക്ക് എം.ബി.ബി.എസ് സ്ഥിര രജിസ്ട്രേഷൻ നൽകി വരികയും ചെയ്യുന്നു. മോഡേൺ മെഡിസിൻ ശ്രേണിയിൽ വിദേശത്തുനിന്നും മെഡിക്കൽ ബിരുദം നേടിവരുന്ന വിദ്യാർത്ഥികൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷന്റെ തീരുമാനങ്ങൾക്ക് അനുസൃതമായിട്ടാണ് ക്ലർക്ക്ഷിപ്പ്/ ഇന്റേൺഷിപ്പ് എന്നിവ അനുവദിച്ചു വരുന്നത്. മറ്റ സംസ്ഥാനങ്ങളിൽ താത്കാലിക/ സ്ഥിര രജിസ്ട്രേഷൻ നേടിയ വിദേശ മെഡിക്കൽ ബിരുദധാരികളും സംസ്ഥാന കൗൺസിലിൽ അപേക്ഷ സമർപ്പിക്കുന്നുണ്ട്. ആയതിന്മേലും വിശദമായ പരിശോധനകൾ നടത്തി മാത്രമേ രജിസ്ട്രേഷൻ നൽകാൻ കഴിയുകയുള്ളൂ. ഭാരതീയ ചികിത്സാ സമ്പ്രദായം/ഹോമിയോപ്പതി എന്നീ വിഭാഗങ്ങളിൽ രജിസ്ട്രേഷനായി വരുന്ന അപേക്ഷകളിൽ അപാകതയില്ലാത്തവ സമയബന്ധിതമായി തീർപ്പാക്കി വരുന്നുണ്ട്. അപാകത ഉള്ളവയിൽ ആയത് പരിഹരിച്ച് സമയബന്ധിതമായി തന്നെ നടപടികൾ സ്വീകരിക്കുന്നുണ്ട്. അതുകൊണ്ട് മെഡിക്കൽ കൗൺസിലിൽ രജിസ്ട്രേഷനായി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ കൗൺസിലുകളുടെ ഭാഗത്തു നിന്നും മന:പൂർവ്വമായ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | രജിസ്ട്രേഷൻ പൂർത്തിയാക്കാൻ വൈകുന്നതിനാൽ വിദേശത്ത് പഠനം നടത്തിയവർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യാൻ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | വിദേശത്ത് വിവിധ യൂണിവേഴ്സിറ്റികളിൽ നിന്നും മോഡേൺ മെഡിസിനിൽ ബിരുദം നേടി സംസ്ഥാന മെഡിക്കൽ കൗൺസിലിൽ താൽക്കാലിക/സ്ഥിര രജിസ്ട്രേഷൻ നടത്തുന്നതിന് അപേക്ഷ സമർപ്പിക്കുന്നവരുടെ കാര്യത്തിൽ നാഷണൽ മെഡിക്കൽ കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ സംസ്ഥാന മെഡിക്കൽ കൗൺസിൽ നടപ്പാക്കി വരുന്നു. നാഷണൽ മെഡിക്കൽ കമ്മീഷൻ നിർദ്ദേശിക്കുന്ന വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കി മാത്രമേ വിദേശത്ത് വൈദ്യപഠനം പൂർത്തിയാക്കിയവർക്ക് രജിസ്ട്രേഷൻ അനുവദിക്കാൻ കഴിയുകയുള്ളൂ. |
| (സി) | നിലവിൽ ഇതിനായി എന്നുവരെ ലഭിച്ച | (സി) | സംസ്ഥാന മെഡിക്കൽ കൗൺസിലിൽ 30/06/2024 വരെ ലഭിച്ച രജിസ്ട്രേഷനുള്ള അപേക്ഷകളിൽമേൽ സ്വീകരിച്ച നടപടികളുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ |

<table>
<tr>
<td></td>
<td>അപേക്ഷകൾ തീർപ്പാക്കിയെന്നും എന്നു മുതലുള്ള അപേക്ഷകളിൽ രജിസ്ട്രേഷൻ നൽകാനുണ്ടെന്നും അറിയിക്കാമോ; രജിസ്ട്രേഷൻ നൽകുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ?</td>
<td></td>
<td>ചേർക്കുന്നു.
<table>
<tr><th>വിഭാഗം</th><th>ആകെ അപേക്ഷകൾ</th><th>തീർപ്പാക്കിയവ</th><th>തീർപ്പാക്കാനുള്ള</th></tr>
<tr><td><u>മോഡേൺ മെഡിസിൻ</u><br>ഇന്ത്യയിൽ പഠിച്ചവർ</td><td>3540</td><td>3001</td><td>539</td></tr>
<tr><td><u>മോഡേൺ മെഡിസിൻ</u><br>വിദേശം</td><td>642</td><td>471</td><td>171</td></tr>
<tr><td>ഹോമിയോ</td><td>222</td><td>222</td><td>------</td></tr>
<tr><td>ഭാരതീയ ചികിത്സാ സമ്പ്രദായം</td><td>674</td><td>651</td><td>23</td></tr>
</table>
മോഡേൺ മെഡിസിനുമായി ബന്ധപ്പെട്ട് തീർപ്പാക്കാൻ ബാക്കിയുള്ള അപേക്ഷകളിൽ മതിയായ രേഖകൾ അപേക്ഷകർ ലഭ്യമാക്കാത്തതാണ് പ്രധാനമായും തുടർനടപടികൾ സ്വീകരിക്കുന്നതിന് തടസ്സമായിട്ടുള്ളത്.കൂടാതെ ദേശീയ മെഡിക്കൽ കമ്മീഷന്റെ വ്യക്തത ആവശ്യമുള്ള കേസുകളിലും കോടതിയിൽ കേസുകൾ നിലവിലുള്ളവയിലും രജിസ്ട്രേഷൻ അനുവദിക്കുന്നതിന് കാലതാമസം നേരിടാറുണ്ട്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ